**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2105** **20-01-2021 - ൽ മറുപടിയ്ക്ക്**

**കൊറോണ വൈറസിന്റെ പുതിയ വകഭേദം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Smt. K. K .Shailaja Teacher (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | കൊറോണ വൈറസിന്റെ അതിവേഗം പകരുന്ന പുതിയ വകഭേദം ബ്രിട്ടനിലും മറ്റ് പല യൂറോപ്യൻ രാജ്യങ്ങളിലും പടരുന്നതായ റിപ്പോർട്ടുകൾ ആരോഗ്യവകുപ്പ് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | നിലവിലുള്ള കോവിഡ് -19 വൈറസിനേക്കാളും 70 ശതമാനത്തിലധികം വ്യാപന ശേഷിയുള്ളതാണ് വകഭേദം വന്ന വൈറസ് എന്നാണ് വിദഗ്ധാഭിപ്രായം. തീവ്രവ്യാപനശേഷിയുള്ളതിനാലും, ചെറുപ്പക്കാരിൽ പോലും കൂടുതലായി ബാധിക്കാൻ സാധ്യതയുള്ളതിനാലും വയോജനങ്ങളും മറ്റ് പലവിധ ജീവിത-ശൈലീരോഗമുള്ളവരും സംസ്ഥാനത്ത് ധാരാളമുള്ളതിനാലും ജനിതകമാറ്റം വന്ന വൈറസ് വ്യാപിക്കാനിടവന്നാൽ സ്ഥിതിഗതികൾ സങ്കീർണ്ണമാകുവാൻ സാധ്യതയുണ്ട്. ആയതിനാൽ പ്രസ്തുത റിപ്പോർട്ടുകൾ ആരോഗ്യവകുപ്പ് അതീവ ഗൗരവമായിത്തന്നെ പരിഗണിക്കുകയും ഊർജ്ജിതമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുകയും ചെയ്യുന്നുണ്ട്. |
| (ബി) | കൊറോണ വൈറസിന്റെ പുതിയ വകഭേദം സംസ്ഥാനത്ത് വ്യാപിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ബ്രിട്ടനിൽ നിന്നും കേരളത്തിലേയ്ക്ക് തിരിച്ചെത്തിയ 9 പേരിലാണ് നിലവിൽ ജനിതകമാറ്റം വന്ന കൊറോണ വൈറസ് ബാധ സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളത്. കോട്ടയം ജില്ലയിൽ ഒരാൾക്കും കോഴിക്കോട് ജില്ലയിൽ 2 പേർക്കും ആലപ്പുഴ ജില്ലയിൽ 2 പേർക്കും കണ്ണൂർ ജില്ലയിൽ 3 പേർക്കും പത്തനംതിട്ട ജില്ലയിൽ ഒരാൾക്കുമാണ് പ്രസ്തുത വൈറസ് ബാധ സ്ഥിരീകരിക്കപ്പെട്ടത്. തദ്ദേശ വാസികൾക്കാർക്കും തന്നെ നിലവിൽ ജനിതകമാറ്റം വന്ന വൈറസ് ബാധിച്ചതായി സ്ഥിരീകരിച്ചിട്ടില്ല. |
| (സി) | കൊറോണ വൈറസിന്റെ പുതിയ വകഭേദത്തെ പ്രതിരോധിക്കുവാൻ നിലവിലെ ചികിത്സാ രീതികൾ പര്യാപ്തമാണോ; ഇല്ലെങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | നിലവിലെ ചികിത്സാരീതികൾ ജനിതകമാറ്റം വന്ന വൈറസിനെ പ്രതിരോധിക്കാൻ പര്യാപ്തമാണ്. നിലവിലെ കോവിഡ് പ്രോട്ടോക്കോൾ മാറ്റം വരുത്തേണ്ട സാഹചര്യം നിലവിലില്ല. ജനിതകമാറ്റം വന്ന വൈറസ് വ്യാപനം തടയുന്നതിനുള്ള ഊർജ്ജിതമായ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ആരോഗ്യവകുപ്പിന്റെ ഭാഗത്ത് നിന്നും നടത്തിവരുന്നുണ്ട്. ഡിസംബർ 21 നും ജനുവരി 1 നും കേന്ദ്രസർക്കാർ പുറത്തിറക്കിയിട്ടുള്ള മാർഗ്ഗ-നിർദ്ദേശമനുസരിച്ചാണ് സംസ്ഥാനത്ത് പ്രതിരോധപ്രവർത്തനങ്ങൾ നടത്തി വരുന്നത്. എയർപോർട്ടുകളോടനുബന്ധിച്ചുള്ള പരിശോധന സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 4 ഇന്റർനാഷണൽ എയർപോർട്ടുകൾ കേന്ദ്രീകരിച്ചും കിയോസ്കുകൾ ആരംഭിച്ചു. യു.കെ ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും വരുന്നവരുടെ RTPCR കോവിഡ് പരിശോധന ശക്തമാക്കിയിട്ടുണ്ട്. യു.കെ.യിൽ നിന്നും, മറ്റേതെങ്കിലും യൂറോപ്യൻ രാജ്യങ്ങൾ വഴിയും കേരളത്തിലെത്തിയിട്ടുള്ള എല്ലാവരെയും കണ്ടെത്തുന്നതിനും പരിശോധന നടത്തി RTPCR പോസിറ്റീവ് ആയിട്ടുള്ളതും CT Value 30 ന് താഴെയുള്ളതുമായ എല്ലാവരുടെയും സാമ്പിളുകൾ NIV Pune യിൽ അയച്ച് ജീനോമിക് സീക്വൻസിംഗ് പരിശോധന നടത്തി വരുന്നുണ്ട്. RTPCR പോസിറ്റീവ് ആകുന്നവരെ തുടർന്ന് അതാത് ജില്ലകളിലെ സ്പെഷ്യൽ കോവിഡ് ആശുപത്രികളിൽ സിംഗിൾ റൂം ഐസൊലേഷനിൽ പാർപ്പിക്കുകയും ആവശ്യമായ ചികിത്സ നടത്തി വരികയും ചെയ്യുന്നു. നെഗറ്റീവ് ആകുന്നവരെ വീടുകളിൽ 14 ദിവസം കൃത്യമായി നിരീക്ഷണത്തിൽ വിടുകയും ചെയ്യുന്നു. അതാത് പ്രദേശങ്ങളിലെ സർക്കാർ ആരോഗ്യസ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള ഫീൽഡ് സ്റ്റാഫുകളും മറ്റ് ജീവനക്കാരും ഇവരെ കർശനമായി നിരീക്ഷിക്കുന്നതിനും, മറ്റാളുകളുമായി സമ്പർക്കത്തിലേർപ്പെടാതെ നോക്കുന്നതിനും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ